പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3058 | 22.02.2016 ൽ മറുപടിയ്ക്ക് |
|---|---|
| **മാതൃകാ അംഗൻവാടി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.കെ.ശിവദാസൻ നായർ**<br>**,, അൻവർ സാദത്ത്**<br>**,, പി.സി വിഷ്ണുനാഥ്**<br>**,, എ.റ്റി.ജോർജ്** | **ഡോ.എം.കെ.മുനീർ**<br>**(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് മാതൃകാ അംഗൻവാടികളുടെ നിർമ്മാണത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) മാതൃകാ അങ്കണവാടികളിൽ 3 തലമുറകൾക്കുള്ള സേവനങ്ങളാണ് നൽകുന്നത്. 0-6 പ്രായപരിധിയിലുള്ള കുട്ടികൾക്കായി പ്രീ സ്കൂൾ വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ, വളർച്ചാ നിരീക്ഷണം, പ്രതിരോധ കുത്തിവയ്പ്, പോഷകാഹാര വിതരണം എന്നിവ നൽകുന്നു. സ്ത്രീകൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്ക് അനുപൂരക പോഷകാഹാരം നൽകുന്നു. കൂടാതെ വിവിധ പരിശീലന പരിപാടികൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവയും സംഘടിപ്പിക്കുന്നു. വയോജനങ്ങൾക്ക് പകൽവീട് സൗകര്യം മാതൃകാ അങ്കണവാടികളിൽ ഒരുക്കുന്നു. |
| (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) ഒരു നിയോജകമണ്ഡലത്തിൽ ഒന്നു വീതമാണ് മാതൃക അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നത്. ടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 10 സെൻറ് ഭൂമി ആവശ്യമാണ്. 23.75 ലക്ഷം രൂപയാണ് ഒരു അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണ ചെലവ്. ആയതിനോടൊപ്പം 15% വരെ അധികരിക്കുന്ന തുകയും വിനിയോഗിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേന നടപ്പിലാക്കി വരുന്നു.<br>നിലവിൽ നിർമ്മാണം പൂർത്തീകരിച്ച മാതൃക അങ്കണവാടികളിൽ ആവശ്യമായ ഫർണിച്ചറുകൾ, പുസ്തകങ്ങൾ, കമ്പ്യൂട്ടർ, ടെലിവിഷൻ എന്നീ സാധന സാമഗ്രികൾ വാങ്ങുന്നതിനും ടി അങ്കണവാടികളിലെ ഉദ്യോഗസ്ഥർക്ക് ടി പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ സംബന്ധിച്ച് ട്രെയിനിംഗ് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ